'ഭരണഭാഷ-മാതൃഭാഷ'

കേരള സർക്കാർ

ധനകാര്യ(എൻ.പി.എസ് സെൽ)വകുപ്പ്

പരിപത്രം

നം.83/2023/ധന

തിരുവനന്തപുരം, തിയ്യതി : 19.08.2023

വിഷയം :- ദേശീയ പെൻഷൻ പദ്ധതി - സർവ്വീസിൽ പ്രവേശിച്ച് ദേശീയ പെൻഷൻ പദ്ധതിയിൽ അംഗത്വം ലഭിക്കാത്ത ജീവനക്കാർക്ക് നിശ്ചിത സമയപരിധിക്കുള്ളിൽ രജിസ്ട്രേഷൻ നടപടി പൂർത്തീകരിക്കുന്നതിന് അനുമതി നൽകുന്നത് - സംബന്ധിച്ച്

സൂചന:- 1. 07.01.2013 തിയ്യതിയിലെ സ.ഉ(പി)നം.20/2013/ധന
2. 19/12/2013 തിയ്യതിയിലെ സ.ഉ(പി)നം.622/2013/ധന
3. 26.10.2022-ലെ 89/2022/ധന നമ്പർ സർക്കാർ പരിപത്രം

01.04.2013-നോ അതിന് ശേഷമോ സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമാക്കിക്കൊണ്ട് സൂചന 1 പ്രകാരം ഉത്തരവാകുകയും ടി ജീവനക്കാരുടെ എൻ.പി.എസ് രജിസ്ട്രേഷൻ നടപടികൾ അവർ സർവ്വീസിൽ പ്രവേശിച്ച് 30 ദിവസത്തിനകം പൂർത്തിയാക്കേണ്ടത് ബന്ധപ്പെട്ട ഡി.ഡി.ഒ-മാരുടെ ചുമതലയാണെന്ന് നിഷ്കർഷിച്ചുകൊണ്ട് സൂചന 2 ഉത്തരവും പുറപ്പെടുവിച്ചിരുന്നു. വിവിധ കാരണങ്ങളാൽ സർവ്വീസിൽ പ്രവേശിച്ച് നിശ്ചിത സമയപരിധിക്കുള്ളിൽ അംഗത്വം നേടാത്ത ജീവനക്കാരുടെ രജിസ്ട്രേഷൻ പൂർത്തീകരിക്കുന്നതിനുള്ള സമയപരിധി 2022 നവംബർ 30 വരെയായി നിജപ്പെടുത്തി സൂചന 3 സർക്കാർ പരിപത്രം പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവുകൾ നിലനിൽക്കേ പ്രസ്തുത സമയപരിധിക്കു ശേഷവും എൻ.പി.എസ് അംഗത്വം നേടുന്നതിന് ധനകാര്യ വകുപ്പിന്റെ അനുമതിക്കായി നിരവധി അപേക്ഷകൾ ലഭിച്ചുകൊണ്ടിരിക്കുന്നു. സർക്കാർ ഈ വിഷയം പരിശോധിക്കുകയും ദേശീയ പെൻഷൻ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെട്ട നിലവിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള ജീവനക്കാരിൽ നാളിതുവരെ രജിസ്ട്രേഷൻ നടപടി പൂർത്തിയാക്കാത്തവരുടെ രജിസ്ട്രേഷൻ ബന്ധപ്പെട്ട ഡി.ഡി.ഒ മുഖേന ട്രഷറി വഴി പൂർത്തീകരിക്കുന്നതിനുള്ള സമയപരിധി ഈ ഉത്തരവ് തിയ്യതി മുതൽ 1 മാസം വരെ (സെപ്റ്റംബർ 19 വരെ) ദീർഘിപ്പിച്ച് ഉത്തരവാകുന്നു. ടി സമയപരിധിക്കുള്ളിൽ രജിസ്ട്രേഷൻ നടപടി പൂർത്തിയാക്കുന്നതിന് ധനവകുപ്പിന്റെ അനുമതി ആവശ്യമില്ല. ഈ വിഷയത്തിൽ ഇനി ഒരു ഇളവ് അനുവദിക്കുന്നതല്ല.

ഷിബു.എ
അഡീഷണൽ സെക്രട്ടറി (ധനകാര്യം)

ഡയറക്ടർ (സർവ്വീസസ്), ഡിപ്പാർട്ട്മെന്റ് ഓഫ് പേഴ്സണൽ ആന്റ് ട്രെയിനിംഗ്, മിനിസ്ട്രി ഓഫ് പേഴ്സണൽ, പബ്ലിക് ഗ്രിവൻസസ് ആന്റ് പെൻഷൻ, ഗവൺമെന്റ് ഓഫ് ഇന്ത്യ, നോർത്ത് ബ്ലോക്ക്, സെൻട്രൽ സെക്രട്ടേറിയേറ്റ്, ന്യൂഡൽഹി - 110 001

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് - I), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് - II), കേരള, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്. തിരുവനന്തപുരം
ധനകാര്യ (പെൻഷൻ-എ) വകുപ്പ്
മുഴുവൻ ജില്ലാ/സബ് ട്രഷറി ഓഫീസർമാർക്കും
എല്ലാ വകുപ്പ് മേധാവികൾക്കും
സ്റ്റേറ്റ് നോഡൽ ഓഫീസർ www.finance.kerala.gov.in
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
ചീഫ് സെക്രട്ടറി, കേരള സർക്കാർ
സർക്കാരിന്റെ എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ
സെക്രട്ടറിമാർ/സെക്രട്ടറിമാർ/സ്പെഷ്യൽ സെക്രട്ടറിമാർ/അഡീഷണൽ സെക്രട്ടറിമാർ/
ജോയിന്റ് സെക്രട്ടറിമാർ/ഡെപ്യൂട്ടി സെക്രട്ടറിമാർ/അണ്ടർ സെക്രട്ടറിമാർ
ഗവർണറുടെ സെക്രട്ടറി, രാജ്ഭവൻ, തിരുവനന്തപുരം
സ്പീക്കറുടെ/ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി, കേരള നിയമസഭ
സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം
സെക്രട്ടറി, കേരള സംസ്ഥാന വനിതാ കമ്മീഷൻ, തിരുവനന്തപുരം
മുഖ്യമന്ത്രിയുടെ/മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറി
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം
മുഖ്യ വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം
സെക്രട്ടേറിയറ്റിലെ മുഴുവൻ വകുപ്പുകൾക്കും
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (E- 2222016/NPS-A2/108/2022-FIN)

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ